6

# ദൈവത്തിൽ ആശ്രയിക്കുക

എങ്ങനെ പ്രാർത്ഥിക്കണമെന്ന് നമുക്ക് അറിയില്ല എന്നു നാം കു കഴിഞ്ഞു. ചിലപ്പോൾ, നാം കഠിനമായി പ്രാർത്ഥിക്കുമ്പോൾ, നമുക്ക് കൂടുതൽ നിരാശ ഉാകും. മാർട്ടിൻ ലൂതർ ഒരു നിരീക്ഷണം ചുരുക്കത്തിൽ നടത്തുകയുായി: ആത്മീയ ദഹനക്കേട് ഉാകാതിരിക്കുവാൻ കഠിനമായി പ്രാർത്ഥിക്കാതിരിക്കുക.

പ്രാർത്ഥനയെ സംബന്ധിച്ച് പല കാര്യങ്ങളും നിങ്ങൾക്ക് അറിയുമായിരിക്കാം, എന്നിട്ടും പ്രാർത്ഥിക്കാതിരിക്കാം. നാം പ്രാർത്ഥിച്ചുകൊാണ് പ്രാർത്ഥന ശീലിക്കുന്നത്. പ്രാർത്ഥനയിലെ ഏറ്റവും ആഹ്ലാദം എന്തെന്നാൽ നാം ആഗ്രഹിക്കുന്നത് കിട്ടുന്നതല്ല, എന്നാൽ നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രവൃത്തി കാണുന്നതാണ്. പ്രാർത്ഥനയിലെ ഏറ്റവും വലിയ അനുഗ്രഹം ആഗ്രഹിക്കുന്നത് ലഭിക്കുന്നതല്ല, മറിച്ച് ദൈവത്തെ ലഭിക്കുന്നതാണ്! പ്രാർത്ഥനയിലെ ശക്തി ദൈവത്തെ ലഭിക്കുന്നതും ദൈവത്തിന്റെ ഉത്തരവും സഹായവും കത്തുന്നതുമാണ്. *മുന്നറിയിപ്പ്!* ആകാശത്തിൽ ജിപി എന്നതിന്റെ അർത്ഥം പോയി പ്രസംഗിക്കുക എന്നായിരിക്കുകയില്ല; അതിന്റെ അർത്ഥം പോയി ഉഴുക എന്നാവാം. വസ്തുനിഷ്ഠമായ കൽപനകൾ അനുസരിക്കുവാൻ എളുപ്പമാണ്. ആത്മനിഷ്ഠമായവ ഒരുപക്ഷെ വിശ്വാസവഞ്ചനയുള്ളതായിരിക്കും. മിഷ്യൻ പ്രവർത്തനത്തോടനുബന്ധിച്ചു, വിലപിടിപ്പുള്ള കെട്ടിടങ്ങൾ പണിയുന്നതിനെയും, വ്യക്തിപരമായ സാമ്പത്തിക ഇടപാടുകളെയും കുറിച്ചുള്ള കാര്യങ്ങൾ നമുക്കറിയാം. നാം ചൂുപലകകൾ വായിക്കുമെങ്കിലും, തെറ്റിപ്പോകും. പിന്നെ ദൈവത്തെ പഴിക്കുകയും, പ്രാർത്ഥന പരാജയമാണെന്നു കാണുകയും ചെയ്യും. ഞാൻ എത്രത്തോളം ജീവിക്കുന്നുവോ, അത്രത്തോളം ദൈവസഹായം കാണുവാൻ ഞാൻ ക്ലേശിക്കേിവരും! ദൈവത്തിന്റെ സഹായത്തിനായി പ്രാർത്ഥിക്കുക. ദൈവസഹായം അന്വേഷിക്കുക. പിന്നെ മന്ദമായി ഗമിക്കുക. ടെലിവിഷൻ പ്രാസംഗികർ എന്നെ ഭയപ്പെടുത്താറു്! അവരുടെ സാക്ഷ്യങ്ങൾ എന്നെ ഞെട്ടിക്കുന്നു! അവർ പ്രാർത്ഥിക്കുന്നു, ദൈവം ഉടനെ തന്നെ അവർക്കു മറുപടിയും കൊടുക്കുന്നു. അതല്ല എന്റെ അനുഭവം. ചിലപ്പോൾ, ഞാൻ എത്ര വിഷമിച്ചു നോക്കുന്നുവോ, അത്ര കുറച്ചു മാത്രം കാണുന്നു. കാണാൻ കഴിയുന്നത് ഒരു പട്ടത്തേക്കാൾ ഉയർന്നു നിൽക്കുന്ന ദൈവത്തിന്റെ കരുണയാണ്. നമ്മുടെ സ്വാർത്ഥ മനസ്സിനെ ഭാഷയാൽ പ്രകടിപ്പിക്കുവാൻ എളുപ്പമാണ്.

ശരിയായ സാഹചര്യത്തിലുള്ള വിശദീകരണം ഇല്ലാത്ത ധാരണകൾ ബുദ്ധിപരമായ തീരുമാനങ്ങൾ നമുക്കു ചിലപ്പോൾ നൽകാം, എന്നാൽ അവ തിരുവെഴുത്തുപോലെ തെറ്റാൻ സാധ്യതയില്ലാത്ത സഹായികൾ അല്ല. ആത്മനിഷ്ഠമായവ തെറ്റിപ്പോകുന്നതും തകരുന്നതുമാണ് ... ശ്രദ്ധിച്ചു കൈകാര്യം ചെയ്യുക. നമ്മുടെ അനുഭവത്തിലുള്ള ഒന്നും തെറ്റ്-ഇല്ലാത്തതായിരിക്കുകയില്ല. തോന്നലുകൾ ചിന്തയ്ക്കും സാമാന്യബുദ്ധിക്കും പകരമാക്കരുത്. ഒന്നിനെ കുറിച്ച് നന്നായിരിക്കാം എന്ന തോന്നൽ അങ്ങനെ ചെയ്യാമെന്നല്ല അർത്ഥമാക്കുന്നത്. പ്രാർത്ഥനയിൽ ഒന്നും യാന്ത്രികമല്ല.

നിങ്ങളുടെ പ്രാർത്ഥനകൾ വ്യക്തമാക്കുക. നിങ്ങൾ പ്രതീക്ഷിക്കുന്ന ഉത്തരം വ്യക്തമാക്കുവാൻ ശ്രമിക്കുക. എങ്ങനെയായാലും, എന്തെങ്കിലും വ്യത്യസ്തമായി സംഭവിച്ചാൽ, അതിനർത്ഥം ദൈവം ശ്രദ്ധിക്കുന്നില്ല എന്നല്ല. അപ്പോഴും നിങ്ങൾക്ക് ചിലത് പഠിക്കുവാനു്. തിരുവെഴുത്തുകളെ പരിശോധിക്കുക. ദൈവത്തെ ശ്രദ്ധിക്കുക. സംസാരം പോലെ ശ്രദ്ധിക്കേ ഒന്നാണ് പ്രാർത്ഥന. ദൈവസഹായത്തിനായി നോക്കുക. താഴ്മയോടെ അനുസരിക്കുക. വികാരങ്ങൾക്ക് അടിമപ്പെടാതിരിക്കുക. ഇല്ലാത്ത സന്ദേശങ്ങൾ കാണാതിരിക്കുക.

ദൈവസഹായം കത്തെുന്നതിനുള്ള നമ്മുടെ ലളിതമായ ഉത്തരം തട്ടിപ്പു പുറത്തുകൊുവരാൻ വേി എന്നതാണ്. വീും ന്യായാധിപന്മാർ 6:36–40 പഠിക്കുക. ഗിദെയോനെ ദൈവം ഒരു പ്രവൃത്തിക്കായി ക്ഷണിച്ചു. താൻ എന്ത് ആഗ്രഹിച്ചുവോ അതു കൃത്യമായി ദൈവം ഗിദെയോനോടു പറഞ്ഞു. പ്രശ്നം ദൈവസഹായമല്ലായിരുന്നു. പ്രശ്നം അനുസരണമായിരുന്നു! ഗിദെയോൻ തട്ടിപ്പു പുറത്തുകൊു വന്നപ്പോൾ ദൈവസഹായം അല്ല ദൈവത്തിന്റെ തെളിവാണ് അന്വേഷിച്ചത്. പ്രശ്നം സഹായമായിരുന്നില്ല; ആശ്രയവും അനുസരണവുമായിരുന്നു. ഗിദെയോൻ ദൈവത്തിൽ നിന്ന് പഠിക്കുന്നവരുടെ ക്ലാസിലെ പ്രത്യേക വിദ്യാർത്ഥി ആയിരുന്നു! പാഠം ഗിദെയോന്റെ തട്ടിപ്പായിരുന്നില്ല, എന്നാൽ ദൈവത്തിന്റെ ക്ഷമ ആയിരുന്നു. ഗിദെയോനെ ഒരു ദൂതൻ മുൻപുതന്നെ വിളിച്ചിരുന്നു. ദൈവം മുൻപ് അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടു ്. *വിശ്വാസത്തെ അല്ല, തട്ടിപ്പു കാണിക്കുന്നത് സംശയത്തെയാണ്.*

എങ്ങനെയായാലും, ഗിദെയോനെ പരുഷമായി വിധിക്കരുത്. കാലങ്ങൾ, തീർച്ചയായും, പ്രയാസമുള്ളതായിരുന്നു. ദൈവം എവിടെ ആയിരുന്നു? ഗിദെയോൻ ഒന്നുമല്ലാത്ത അജ്ഞനായിരുന്നു. അവൻ ഭീഷണിക്കിരയായിരുന്നു. അവൻ സത്യസന്ധനായിരുന്നു.

സങ്കീർത്തനങ്ങൾ ഇപ്പോഴും നമ്മുടെ പ്രാർത്ഥനാപുസ്തകത്തിലു്. ആത്മീയ പ്രാർത്ഥന പരിശുദ്ധനാണെന്നു മിഥ്യയായി പ്രകടിപ്പിക്കുവാൻ ശ്രമിക്കുന്ന തരം വിഡ്ഢിത്തമല്ല. വേദനിക്കുന്ന ഒരു മനുഷ്യന്റെ സത്യസന്ധമായ വികാരമാണ് പ്രാർത്ഥന. ഗിദെയോൻ തന്നിൽ ആശ്രയിക്കാതിരുന്ന അത്രമാത്രം ദൈവത്തിൽ വിശ്വസിക്കാതിരുന്നില്ല. കൊള്ളചെയ്യുന്നതു നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരമല്ല. പരിഹാരം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതാണ്. ഒരാളെ നീന്തുവാൻ പഠിപ്പിക്കുന്നതിൽ വെള്ളത്തിലുള്ള സാഹസം ഉൾപ്പെടുന്നു. ഗിദെയോന് അത്രമാത്രം ദൈവത്തെ അറിയില്ലായിരുന്നു. സത്യസന്ധമായ സംശയത്തിൽ നിങ്ങളുടെ പ്രാർത്ഥനയിൽ ഉള്ളതിനേക്കാൾ വിശ്വാസമു്. വിശ്വാസം അന്ധമല്ല. പ്രാർത്ഥന ഒരു കെട്ടുകഥയും അല്ല. ദൈവത്തിന് ഉപയോഗിക്കുവാൻ പറ്റാത്ത വിധത്തിൽ ആരും വളരെ ചെറുതല്ല എന്നാൽ ഒരാൾ വളരെ വലുതായിരിക്കാം എന്ന പാഠം ഗിദെയോൻ പഠിക്കേിയിരുന്നു. വികാരങ്ങളില്ല, ദൈവത്തിൽ ആശ്രയിക്കുക. അധികം പേരും ആഗ്രഹിക്കുന്നത് കാണിക്കുവാനാണ്, അല്ലാതെ കാണുവാനല്ല. ദൈവത്തിന്റെ കൃപക്ക് കാത്തുകൊൾവാൻ കഴിയാത്ത സ്ഥലത്തേക്ക് ദൈവേഷ്ടം നിങ്ങളെ നയിക്കുകയില്ല. ഒരു ശവസംസ്കാരം പോലെ മുൻകൂട്ടി തയ്യാറാക്കി പ്രാർത്ഥിക്കാതിരിക്കുക. നിങ്ങൾക്ക് ഉത്തരങ്ങൾ ഇല്ലായിരിക്കാം, എന്നാൽ ദൈവമു ാകും.

# മദ്ധ്യസ്ഥ പ്രാർത്ഥന

## ലൂക്കൊസ് 22:31 - 34

*ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ,*
നിനക്കുവേി അപേക്ഷിച്ചു; എന്നാൽ നീ, ഒരു സമയം
തിരിഞ്ഞുവന്ന ശേഷം, നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു
കൊൾക (ലൂക്കൊസ് 22:32).

എങ്ങനെ പ്രാർത്ഥിക്കണമെന്ന് എനിക്കറിയില്ല. അറിഞ്ഞിരുന്നുവെങ്കിൽ, ഒരുപക്ഷെ പ്രാർത്ഥിക്കേ ആവശ്യം എനിക്കുാവുകയില്ല. എങ്ങനെ പ്രാർത്ഥിക്കണം എന്ന് എനിക്കറിയില്ല; അതുകൊ്, എങ്ങനെ പ്രാർത്ഥിക്കണമെന്ന് നിങ്ങളെ പഠിപ്പിക്കുവാനും അറിയില്ല. എനിക്ക് കുറച്ചു മാത്രം അറിയാം; ഞാൻ എന്തു ചെയ്യുവാനാണ് ചിന്തിക്കുന്നതുപോലും എനിക്കറിയില്ല. *മദ്ധ്യസ്ഥ പ്രാർത്ഥനക്ക്* നമുക്കവസരം ഉോ എന്ന് എനിക്കറിയില്ല: നമുക്കന്യോന്യം പ്രാർത്ഥിക്കാം. അത് *അത്ഭുതാവഹമാണ്*!

എനിക്ക് ദൈവത്തോടു സംസാരിപ്പാൻ കഴിയും.
നിങ്ങളെ കുറിച്ചു എനിക്കു ദൈവത്തോടു പറയുവാൻ കഴിയും.
നിങ്ങൾക്കുവേി എനിക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും
വലിയ കാര്യം നിങ്ങൾക്കുവേി പ്രാർത്ഥിക്കുക എന്നതാണ്.

*വിസ്മയം തന്നെ*! ഈ പാഠത്തിൽ മറ്റുള്ളവർക്കുവേി പ്രാർത്ഥന നടത്തുന്നതിലുള്ള മുഖ്യ പ്രശ്നങ്ങൾ ഉൾപ്പെടുന്നു. മദ്ധ്യസ്ഥത എന്നാൽ മറ്റൊരാൾക്കുവേി വേറൊരാളോടു അപേക്ഷിക്കുന്നതാണ്. ഒരു സ്ത്രീ ജ്ഞാനത്തോടെ നിരീക്ഷിച്ചു, ഞാൻ ബലഹീന ആക കൊ് മറ്റുള്ളവർക്കു വേി പ്രാർത്ഥിക്കുന്നു, അവർക്ക് അധികം ആവശ്യങ്ങളു്, ദൈവം പ്രാർത്ഥന കേൾക്കുകയും ചെയ്യുന്നു. *ആമേൻ!* എന്റെ പ്രാർത്ഥന എങ്ങനെ നിങ്ങളെ മാറ്റും? അത് വ്യക്തിപരമായ സ്വാതന്ത്ര്യത്തെ ലംഘിക്കുന്നുോ? മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ദൈവത്തിന്റെ പരമാധികാരവും വീണുപോയ മനുഷ്യന്റെ ഉത്തമമായ ഉദ്ദേശങ്ങളുമാണ് അടങ്ങിയിരിക്കുന്നത്. മറ്റുള്ളവർക്കുവേി പ്രാർത്ഥിക്കുക എന്നത് ഏറ്റവും ശ്രേഷ്ഠവും, പരോപകാരപ്രദവും, ആദർശപരവും, നിസ്വാർത്ഥവുമായ പ്രവൃത്തിയാണ്. അവിടെ ദൈവവും മനുഷ്യരും *ഇരുകൂട്ടരും* ഏറ്റവും നന്നായി പ്രവർത്തിക്കുന്നു! ഏറ്റവും വലിയ പ്രാർത്ഥന എനിക്ക്-നൽകേണമേ എന്നതല്ല, മറിച്ച് മറ്റുള്ളവർക്കുവേിയുള്ള ആത്മാർത്ഥമായ പ്രാർത്ഥനയാണ്. നിങ്ങളുടെ പ്രാർത്ഥനകളെ വിലയിരുത്തുക. അവ നിങ്ങൾക്കുവേിയോ അതോ മറ്റുള്ളവർക്കുവേിയോ? മദ്ധ്യസ്ഥ പ്രാർത്ഥനയാണ് നമ്മുടെ ഏറ്റവും തീഷ്ണമായ പ്രാർത്ഥന. പ്രാചീന രീതിയിൽ പ്രധാനപ്പെട്ട സഹായങ്ങൾ കൊു പ്രചോദിപ്പിക്കുന്നതാണ് മദ്ധ്യസ്ഥത. അതു നമ്മുടെ ആത്മാക്കളുടെ എക്സ് റേ യുമാണ്. എനിക്കു സ്വയം മാറുവാൻ മനസ്സില്ലാത്തപ്പോൾ മറ്റുള്ളവർ മാറേതിന് എനിക്കെങ്ങനെ ദൈവ

ത്തോടു യാചിക്കുവാൻ കഴിയും? അതുകൊാണ് ഈ പാഠങ്ങൾ രചിക്കുക പ്രയാസമായിരിക്കുന്നത്. പ്രാർത്ഥന എന്നത് ദൈവത്തോടുള്ള വെറും സഹായ അഭ്യർത്ഥന അല്ല അത് വ്യക്തിപരമായ മാറ്റത്തിനുള്ള സമർപ്പണമാണ്.

> ഓ ദൈവമേ, പ്രാർത്ഥിക്കുവാൻ എന്നെ സഹായിക്കേണമേ, കാരണം
> എനിക്കു തന്നത്താൻ പ്രാർത്ഥിപ്പാൻ കഴിയുകയില്ല!

എന്റെതായി എന്നിലൊന്നും വിടരുതേ. മദ്ധ്യസ്ഥ പ്രാർത്ഥന മറ്റുള്ളവരെ മാറ്റുകയില്ലായിരിക്കാം, എന്നാൽ അത് എന്നെ മാറ്റും. എന്തുകൊാണ് നാം പ്രാർത്ഥനയെ ഉപേക്ഷിക്കുന്നത്? അത് നമ്മുടെ ആഴമേറിയ സൗഹൃദത്തിന്റെ അഭാവത്തിനും, അതുമൂലം ആത്മീയജീവിതത്തിനുാകുന്ന എല്ലാ പോഷ ണക്കുറവിനും കാരണമായ, അടുപ്പത്തോടുള്ള നമ്മുടെ പൊതുവായ ഭയ ത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. മദ്ധ്യസ്ഥ പ്രാർത്ഥന വലിയ സൗഹൃദ ബന്ധങ്ങൾ ആവശ്യപ്പെടുന്നു! സൗമ്യതയും, മനസ്സലിവും, സ്നേഹവും മദ്ധ്യസ്ഥത ആവശ്യപ്പെടുന്നു. വിവാഹ സംബന്ധമായ പ്രശ്നങ്ങൾക്ക് മിക്കവരും പ്രാർത്ഥിക്കുന്നത്, ദൈവമേ, എന്റെ പങ്കാളിയെ മാറ്റേണമേ എന്നാണ്. ആത്മാർത്ഥമായ മദ്ധ്യസ്ഥ പ്രാർത്ഥന പറയുന്നു, ദൈവമേ, എന്നെ മാറ്റേണമേ; *ആദ്യം* എന്നെ മാറ്റേണമേ! നിന്റെ ഇഷ്ടം ചെയ്യേണമേ എന്നതു വികാരങ്ങളോടു പ്രതികരിക്കാതിരിക്കുന്നതല്ല. പ്രാർത്ഥന യാന്ത്രികമായി സാഹചര്യങ്ങളെ മാറ്റുന്നില്ല. കാര്യങ്ങളെ മാറ്റുന്നത് ദൈവം മാത്രമാണ്. ദൈവമാണ് സാഹചര്യങ്ങളെ മാറ്റുന്നത്; അവനു നമ്മെ മാറ്റുന്നതിനു സന്തോഷമേയുള്ളൂ. പ്രാർത്ഥിക്കുക എന്നാൽ മാറുക എന്നതാണ്. വാസ്തവത്തിലുള്ള പ്രാർത്ഥന സ്നേഹമല്ലാതെ മറ്റൊന്നുമല്ല. നന്നായി പ്രാർത്ഥിക്കുന്നയാൾ നന്നായി സ്നേഹിക്കും.

ലൂക്കൊസ് 22:31, 34–ൽ, ക്രിസ്തു പത്രൊസിനുവേി പ്രാർത്ഥിച്ചു. ആ പ്രാർത്ഥന പത്രൊസിനെ വീഴ്ച്ചയിൽ നിന്നും മാറ്റിയില്ല, എങ്കിലും പത്രൊസ് തിരിച്ചുവന്നു! അടുത്ത ചോദ്യം എന്തെന്നാൽ പത്രൊസിനുവേി ക്രിസ്തു അപേക്ഷിച്ചതുപോലെ യൂദായ്ക്കുവേി അപേക്ഷിച്ചുവോ? അത് നമ്മെ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ പ്രശ്നത്തിലേക്കു കൊുവരുന്നു. യേശു പ്രാർത്ഥിക്കുകയും അവൻ വീണുപോകാനിടയുന്നെു വെളിപ്പെടുത്തുകയും, അപേക്ഷിച്ചതുകൊു പത്രൊസ് വീണുപോകാതിരിക്കുകയും ചെയ്തു! നമ്മുടെ ഏറ്റവും വലിയ പ്രാർത്ഥനകൾ മറ്റുള്ളവർക്കുവേിയുള്ളതാണ്!

### മദ്ധ്യസ്ഥ പ്രാർത്ഥന വചനാനുസരണമാണ്

ബൈബിളിൽ ആരംഭത്തിൽ, അഭിവന്ദ്യനായ ഇയ്യോബ് മദ്ധ്യസ്ഥ പ്രാർത്ഥനയെ മനസ്സിലാക്കുകയും പരിശീലിക്കുകയും ചെയ്തിരുന്നു. അവൻ തന്റെ മക്കൾക്കായി ദൈവത്തോട് നിരന്തരം അപേക്ഷിച്ചിരുന്നു (ഇയ്യോബ് 1:5). ഇയ്യോബിന്റെ പ്രാർത്ഥനയാൽ അവന്റെ മൂന്നു സ്നേഹിതന്മാരോടു ദൈവം ക്ഷമിക്കുക മാത്രം ചെയ്തു (ഇയ്യോബ് 42:7–9).

മോശെയുടെ ശ്രേഷ്ഠമായ പ്രാർത്ഥനകളെ നാം ഒരിക്കലും മറക്കരുത്. ബൃഹത്തായ പല ഗുണങ്ങളും അവനിലുായിരുന്നു എങ്കിലും അവന്റെ പ്രാർത്ഥനാജീവിതം താരതമ്യം ചെയ്യുന്നതിനപ്പുറമായിരുന്നു. നിങ്ങളുടെ പ്രാർത്ഥനകൾ അഭിവൃദ്ധിപ്പെടുത്തുവാൻ, മോശെയെ മനസ്സിലാക്കുക! പുറ

പ്പാട് 32 ഓർമ്മിക്കത്തക്കതാണ്! അത് ദൈവത്തെ വെളിപ്പെടുത്തുന്നു. അത് മോശയെ വെളിപ്പെടുത്തുന്നു! അത് പ്രാർത്ഥനയെ വെളിപ്പെടുത്തുന്നു! സീനായി പർവ്വതത്തിൽ വെച്ച് യിസ്രായേൽ ജനം മത്സരിക്കുകയും അഹ രോൻ അവർക്കു സ്വർണ്ണ കാളക്കുട്ടിയെ ഉാക്കി കൊടുക്കുകയും ചെയ്ത തുകൊ് അവർ പാപം ചെയ്തു. മനുഷ്യൻ പാപം ചെയ്യുമ്പോൾ ദൈവ കോപം വെളിപ്പെടുന്നു. താൻ യിസ്രായേലിനെ തന്റെ കോപത്താൽ ദഹിപ്പി ച്ചുകളഞ്ഞ് അബ്രഹാമിൽ നിന്നല്ല മോശെയിൽ നിന്ന് ഒരു പുതിയ ദേശത്തെ ഉയർത്തുമെന്നു മോശെയോടു ദൈവം പറഞ്ഞു. അത് ചിന്ത-നീയമാണ്. ശക്തി, പദവി, പ്രതിഫലം എന്നിവ താഴ്ത്തി കളയുവാൻ പ്രയാസമാണ്. രാഷ്ട്രീയത്തിൽ പോട്ടോമാക് ഫീവറിന് ചികിത്സയില്ല. മോശെ ധൈര്യപ്പെട്ടു ... മോശെ സാഹസപ്പെട്ടു ... മോശെ എല്ലാം ദൈവത്തോടു നേരിട്ടു പറഞ്ഞു. (1) പുതിയ നിലവാരം സ്വീകരിപ്പാൻ അവൻ മടിച്ചു. (2) അവൻ ദൈവത്തോട് ബൈബിൾ ഉദ്ധരിച്ചു (അതിശയകരമായ ഒരു നടപടി). ദൈവത്തിന്റെ വാഗ്ദാനം അബ്രഹാമിനും, യിസഹാക്കിനും, യാക്കോബിനും ആയിരുന്നു എന്ന് അവൻ ദൈവത്തെ ഓർപ്പിച്ചു. (3) എത്ര ശ്രേഷ്ഠമായി മോശെ ദൈവത്തെ അറിഞ്ഞിരുന്നു! അവന്റെ കോപത്തെ സൂക്ഷിച്ചുകൊൾവാനും തിരിയുവാനും അവൻ ഓർപ്പിച്ചു! മനുഷ്യൻ ദൈവത്തെ ശാസിക്കുകയായി രുന്നു! (4) ദൈവം മാറി (മോശെയല്ല)! *അവിശ്വസനീയം!* മോശെ ജയിച്ചത് അവനു സത്യമുള്ളതുകൊും അവന്റെ ജനത്തോടുള്ള സ്നേഹവും നിമി ത്തമായിരുന്നു. അവന്റെ കരുതൽ ദൈവത്തിന്റെ മതിപ്പിനും യിസ്രായേലിന്റെ രക്ഷക്കു വേിയുമായിരുന്നു. കൂടാതെ, യിസ്രായേലിനെ കുറ്റം വിധിച്ചു, പിന്നെ രക്ഷിച്ചു; എന്നാൽ ദൈവവും മോശെയും തമ്മിലുള്ള ആ സംഭാഷ ണത്തെ കുറിച്ചു അവർ അറിഞ്ഞില്ല! ദൈവത്തിന്റെ കോപം എത്രമാത്രം ഉ ന്നോ, മോശെ പ്രാർത്ഥിക്കുന്നതോ അവർ അറിഞ്ഞില്ല!

മറ്റുള്ളവരുടെ പ്രാർത്ഥനകൊു നമ്മുടെ ജീവിതം എത്രമാത്രം സ്പർശി ക്കപ്പെട്ടിട്ടു്? എനിക്കു വേി പ്രാർത്ഥിക്കുക! മോശെ പ്രാർത്ഥനയാൽ, തന്റെ സഹോദരനായ, അഹരോനെയും, സഹോദരി മിരിയാമിനേയും, യഥാ സ്ഥാനപ്പെടുത്തുകയും, ഒരു ദേശത്തെ തന്നെ രക്ഷിക്കുകയും ചെയ്തു (സംഖ്യാപുസ്തകം 12:13). സംഖ്യാപുസ്തകം 14:13-19 ൽ മോശെ വീം യിസ്രായേലിനെ രക്ഷിച്ചതായി പറയുന്നു. അവർ മൽസരിച്ചപ്പോൾ, മോശെ പ്രാർത്ഥിക്കുകയും ദൈവം അവരോടു ക്ഷമിക്കയും ചെയ്തു. മോശെ പ്രാർത്ഥിച്ച ഇരുപത്തഞ്ചു പ്രാർത്ഥനാസംഭവങ്ങൾ മോശെയുടെ ശുശ്രൂഷ യിൽ നമുക്കു കാണാം.

എസ്രയും നെഹമ്യാവും അവരുടെ പിതാക്കന്മാരുടേയും ദേശത്തിന്റേയും പാപങ്ങൾ ഏറ്റുപറഞ്ഞു, മദ്ധ്യസ്ഥത നടത്തി. യേശു പത്രൊസിന്നു വേി പ്രാർത്ഥിച്ചു. അവൻ നമുക്ക് വേി എന്നേക്കും പക്ഷവാദം ചെയ്യുന്നു (എബ്രായർ 7:25). യേശു ഇപ്പോഴും പ്രാർത്ഥിക്കുന്നു്! നമുക്കുവേി! ആഭി ചാരക്കാരനായ ശീമോനു വേി പത്രൊസിനോടു പ്രാർത്ഥിക്കുവാൻ പറഞ്ഞു (പ്രവൃത്തികൾ 8:12-24). ഒരു രസകരമായ സംഭവം പ്രവൃത്തികൾ 12-ൽ കാണാം. യാക്കൊബ് രക്തസാക്ഷിയാവുകയും, പത്രൊസിനെ ജയിലിലടക്കു കയും ചെയ്തു. സഹോദരങ്ങൾ പ്രാർത്ഥനക്കായി കൂടിവന്നു. ദൈവം യാക്കൊബിനെ മരിപ്പാൻ അനുവദിച്ചു, എന്നാൽ പത്രൊസിന്റെ മരണം തടു ത്തു. ഒരു ദൂതനെ അയച്ചു പത്രൊസിനെ രക്ഷിച്ചു. പിന്നെ അവൻ നേരെ

പ്രാർത്ഥിച്ചുകൊിരുന്ന വീട്ടിലേക്കു ചെന്നു. അതു പത്രൊസ് ആണെന്നു ഒരു ബാല്യക്കാരി മാത്രം വിശ്വസിച്ചു! പരിഹരിക്കാത്ത ചില പ്രശ്നങ്ങൾ പ്രാർത്ഥനയിൽ ഉന്നൊണ് ഇതു കാണിക്കുന്നത്.

അന്യോന്യം പാപങ്ങൾ ഏറ്റുപറഞ്ഞു ഒരുവന്നുവേി ഒരുവൻ പ്രാർത്ഥിപ്പാനാണ് യാക്കൊബ് പറഞ്ഞത് (യാക്കൊബ് 5:13–16). സഭ യായി നമുക്കു ചെയ്യാവുന്ന ഏറ്റവും പ്രായോഗികമായ കാര്യം അതാണ്. നാം നമ്മുടെ ശത്രുക്കളെ സ്നേഹിക്കുകയും അവർക്കു വേി പ്രാർത്ഥിക്കുകയും ചെയ്യണം (മത്തായി 5:43–48). നാം ഉപദേഷ്ടാക്കന്മാർക്കുവേി പ്രാർത്ഥിക്കണം (1 തെസലൊനിക്യർ 5:25). പ്രാർത്ഥിക്കാത്ത പ്രാസംഗികർ ശക്തിയില്ലാത്ത പ്രസംഗപീഠത്തെയാണ് ഉാക്കുന്നത്. പ്രാർത്ഥിക്കുന്ന അദ്ധ്യക്ഷന്മാർ പ്രാർത്ഥിക്കുന്ന അനുയായികളെ സൃഷ്ടിക്കും.

ലോകത്തിനുവേി പ്രാർത്ഥിക്കുക. നവീകരണത്തിനായി പ്രാർ ത്ഥിക്കുക. രോഗികൾക്കു വേി പ്രാർത്ഥിക്കുക. കൂടുതൽ സമയത്തും നാം വളരെ സാധാരണമായിട്ടാണ് പ്രാർത്ഥിക്കുന്നത്: ദൈവമേ, അവർ ആരാണെന്നു നിനക്ക് അറിയാമല്ലൊ. അവന്നു അറിയാം! നിങ്ങൾ എനിക്കുവേി പ്രാർത്ഥിക്കുമ്പോൾ, നിങ്ങൾ എന്റെ പേർ ഓർക്കാറുാേ? മറ്റുള്ളവർക്കുവേി പ്രാർത്ഥിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ളതായി നമുക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല. നാം സഹോദരവർഗത്തെ സ്നേഹിക്കുന്നത് അവർക്കുവേി പ്രാർത്ഥിച്ചുകൊാണ്.

പ്രാർത്ഥന നിർത്തുന്ന ഒരു സമയമു്! *ഭയമുളവാക്കുന്നു!* മോശെയും ശമുവേലും തങ്ങളുടെ ജനങ്ങൾക്കുവേി വിജയകരമായി പ്രാർത്ഥിച്ചു. എങ്ങനെയായാലും, മോശെയും ശമുവേലും വന്നു യിസ്രായേലിന്നുവേി അപേക്ഷിച്ചാലും, അവരുടെ പാപം ക്ഷമിക്കുകയില്ല എന്നു യിരെമ്യാവിനോടു ദൈവം പറഞ്ഞു (യിരെമ്യാവ് 15:1). പാപത്താൽ–കഠിനപ്പെട്ടവരിൽ, കൃപക്കും പ്രാർത്ഥനക്കും സഹായിക്കുവാൻ കഴിയാത്ത, ഒരു സമയം വരും. യിസ്രായേലിന്നുവേി പ്രാർത്ഥിക്കരുത് എന്നു ദൈവം യിരെമ്യാവിനോടു ആവർത്തിച്ചു പറഞ്ഞു. യിരെമ്യാവു ആഗ്രഹിച്ചു, എന്നാൽ ദൈവം അതു വിലക്കി! മനസ്സിലാക്കുവാൻ പ്രയാസമുള്ള ഒരു തിരുവെഴുത്തിൽ, യോഹന്നാൻ ചിലതിനു വേി പ്രാർത്ഥിപ്പാനും മറ്റു ചിലതിനുവേി പ്രാർത്ഥിക്കരുത് എന്നും പറഞ്ഞു (1 യോഹന്നാൻ 5:16). ആ വേദഭാഗം ആഴത്തിൽ പഠിക്കുക. പാപത്താൽ–കഠിനപ്പെട്ടുപോകുന്നതിനുമുൻപു, പഴയ ശമുവേൽ ചെയ്തതുപോലെ ചെയ്യുക, പ്രാർത്ഥിക്കുക! പ്രാർത്ഥന നമ്മെ മാറ്റുന്നതല്ലാതെ ലോകത്തെ മാറ്റുകയില്ല.

### ക്രിസ്തുവിന്റെ മാതൃക

എങ്ങനെ പ്രാർത്ഥിപ്പാനാണ് നിങ്ങൾ ശീലിച്ചത്? എവിടെ? എങ്ങനെ പ്രാർത്ഥിക്കണമെന്ന് അറിയുവാൻ ക്രിസ്ത്യാനികൾ ബൈബിളിലേക്ക് തിരിയുന്നു. പ്രാർത്ഥനാ പുരുഷനായിരുന്ന, യേശുവിൽ നിന്ന് നാം അതു ശീലിക്കുന്നു. അവൻ രാത്രി മുഴുവൻ പ്രാർത്ഥിച്ചിരുന്നു (ലൂക്കൊസ് 6:12). യേശുവിനെ കുറിച്ച് അറിയുന്നത് പ്രാർത്ഥനയാണ്. അവൻ മറ്റുള്ളവർക്കുവേി പ്രാർത്ഥിച്ചു, പ്രത്യേകിച്ച് പന്തിരുവർക്കുവേി. യോഹന്നാൻ 17–ൽ യേശു പന്തിരുവർക്കുവേി മാത്രമല്ല, എന്നാൽ നമുക്കുവേിയും പ്രാർത്ഥിച്ചിരുന്നു! നാം എല്ലാവരും ഒന്നാകേതിനാണ് അവൻ പ്രാർത്ഥിച്ചത്. സഭ *ഒന്നാ*

*കുന്നതുവരെ* ലോക ത്തിന് ഒരിക്കലും *വിജയിക്കുവാൻ* കഴിയുകയില്ല! (പ്രാർത്ഥിപ്പാൻ കഴിയാതാകുന്നതുവരെ പ്രാർത്ഥിക്കുക.)

ലൂക്കൊസ് 22–ലെ നമ്മുടെ വേദഭാഗത്തിലേക്ക് തിരിയാം. പത്രൊസ് വീണു പോകുമെന്നറിഞ്ഞ് ക്രിസ്തു അവനുവേി പ്രാർത്ഥിച്ചു! അത് മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ആവശ്യകതയെ വെളിപ്പെടുത്തുന്നു! ദൈവത്തിന്റെ പരമാ ധികാരം മനുഷ്യരുടെ സ്വതന്ത്ര-ധാർമ്മികത ലംഘിക്കുന്നതല്ല! എന്റെ ആഗ്രഹം മറ്റൊരാളുടെ മനസാക്ഷിയെ മറികടക്കുന്നതാകരുത്. പ്രാർത്ഥനയെ ഇന്ദ്രജാ ലമാക്കി താഴ്ത്തരുത്: എന്റെ ഭാര്യയെ ഇന്ന് തികവുള്ളതാക്കുക! ; ഇന്നു തന്നെ ചൈനയിലേക്ക് ദശലക്ഷം മിഷ്ണറിമാരെ അയക്കുക! അത് ഒന്നും വിശ്വാസമല്ല; അത് പ്രാർത്ഥനയുമല്ല. അത് ആരാധന അല്ല, ഇന്ദ്രജാലമാണ്. അത് യേശുവിന്റെ കർത്തൃത്വത്തിന് കീഴ്പ്പെടൽ അല്ല, ശക്തി–ചെലുത്തലാണ്. അത് അന്ധവിശ്വാസമാണ്, അല്ലാതെ, ആഴമേറിയ ദൈവത്തോടുള്ള ബന്ധം അല്ല.

അതുകൊാണ് പ്രാവർത്തികമായ നിർദ്ദേശങ്ങൾ ഉള്ള പുസ്തകങ്ങൾ പരാജയപ്പെടുന്നത്. ക്രിസ്ത്യാനിത്വം വിശ്വാസമാണ് അല്ലാതെ സൈദ്ധാന്തിക ഉപാധി അല്ല. പ്രാർത്ഥന ഒരു നല്ല ഉപാധിയും, സാങ്കേതികത്വവും, പദ്ധതിയും പോലെയുള്ളതല്ല. പ്രാർത്ഥന ദൈവത്തോടും അവന്റെ ഇഷ്ടത്തോടും കീഴ്പ്പെ ടലാണ്. പ്രാർത്ഥന ഒരു പോരാട്ടമാണ്, ആത്മാവിന്റെ കായികവിനോദസ്ഥാ നമാണ്. ദിവസം തോറുമുള്ള സ്വാർത്ഥത-നിറവേറ്റുവാനല്ല, ദിവസവുമുള്ള മരണത്തെ പിൻതുടരുവാനാണ് ദൈവം ആഗ്രഹിക്കുന്നത് (1 കൊരിന്ത്യർ 15:31). രാമത്തേത് മരണത്തിലേക്കു നയിക്കുന്നു; ഒന്നാമത്തേത് ജീവങ്കലേക്കും നയിക്കുന്നു. നമ്മുടെ ആശ്വാസത്തേക്കാൾ കൂടുതലായി ദൈവത്തിന്റെ താൽപ ര്യം നമ്മുടെ വിശുദ്ധിയിലാണ്.

*ചോദ്യ സമയം!* എന്റെ രഹസ്യ പ്രാർത്ഥനയിൽ, എനിക്ക്, എന്റെ അയൽക്കാരന്റെ ജീവിതത്തെ മാറ്റുവാൻ കഴിയുമോ? അയാൾക്കുപകരം അയാൾക്കുവേി ഞാൻ പ്രാർത്ഥിക്കണമോ? അയാൾ ആവശ്യപ്പെടാതെ ഞാൻ അയാൾക്കു വേി പ്രാർത്ഥിക്കണോ? വേണം! എല്ലായിടത്തും എല്ലാ വർക്കുവേിയും പ്രാർത്ഥിക്കുക (1 തിമൊഥെയൊസ് 2:1, 2). അവർ പാപം ചെയ്യുമ്പോഴും പ്രാർത്ഥിക്കുക. താൻ പ്രാർത്ഥന നിർത്തിയാൽ പാപം ചെയ്യു മെന്ന് ശമുവേൽ പറഞ്ഞു (1 ശമുവേൽ 12:23). നമുക്ക് പൂർണ്ണമായ സ്വാത ന്ത്ര്യം ഇല്ല. കടൽക്കരയിലെ തരികൾ സ്പർശിക്കുകമാത്രമാണ് ചെയ്യുന്നത് എന്നാൽ മനുഷ്യർ അവയെക്കാൾ കൂടുതൽ ചേർന്നിരിക്കുകയാണ്. വയലിലെ വേരുകളെക്കാൾ അധികമായി മനുഷ്യർ ഇടകലർന്നിരിക്കുന്നു. എന്റെ രഹ സ്യത്തിലേക്കു കടന്നുചെല്ലുന്നതാണ് ഓരോ വാക്കും, ഓരോ പ്രവർത്തിയും, എഴുതപ്പെട്ട ഓരോ പുസ്തകവും. നാം എന്തുകൊ് പരസ്പരം പ്രാർത്ഥന കളിൽ ആശ്രയിക്കുന്നില്ല?

ശത്രുക്കൾക്കുവേി പ്രാർത്ഥിക്കുക (മത്തായി 5:44). ശത്രുവിനെ പക യ്ക്കുന്നതിനുപകരം, അവനുവേി പ്രാർത്ഥിക്കുക. മദ്ധ്യസ്ഥ പ്രാർത്ഥന സുവിശേഷത്തിലും ഉൾപ്പെടുന്നു. യാക്കോബ് 5:16 പറയുന്നു, എന്നാൽ, നിങ്ങൾക്കു രോഗശാന്തി വരേതിനു, തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ്, ഒരു വന്നുവേി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. പ്രാർത്ഥനയും കരുണയും യോജിച്ചിരിക്കുന്നു (കൊ ലൊസ്യർ 4:3). പ്രാർത്ഥനക്കു മറുപടി നൽകുന്നതിലൂടെ ദൈവം വാതിലു

കൾ തുറക്കുന്നു. പ്രാർത്ഥന സൽപ്രവൃത്തികളെ ശക്തിപ്പെടുത്തുന്നു (2 കൊരിന്ത്യർ 1:11). മദ്ധ്യസ്ഥത ക്രിസ്തുവിന്റെ ഹൃദയത്തിലുള്ളതാകുന്നു; ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രം മദ്ധ്യസ്ഥതയാണ്.

## പൗലൊസിന്റെ പ്രാർത്ഥനാ പട്ടിക

ലോകം ആകർഷിക്കപ്പെട്ടിരിക്കുന്ന പട്ടികകളാണ് ... ധനം, സൗന്ദര്യം, പ്രസിദ്ധി എന്നിവ. ഒരു ടി.വി. സ്റ്റാറിന് അയാളുടേതായ പ്രമുഖമായ പത്തു പട്ടികയു്. അത്തരം പട്ടികകൾ താൽപര്യം ജനിപ്പിക്കുന്നതാണ്, എന്നാൽ അവ ഫലത്തിൽ വിലയില്ലാത്തതാണ്. പൗലൊസിനു ഒരു പട്ടികയുായിരുന്നു. അവന്റേത് ഒരു പ്രാർത്ഥനാ പട്ടിക ആയിരുന്നു. നിങ്ങൾക്ക് ആ പട്ടികയിൽ വരുവാൻ ആഗ്രഹമില്ലേ? അവൻ മറ്റുള്ളവർക്കുവേി പ്രാർത്ഥിച്ചു; അവൻ തനിക്കുവേി പ്രാർത്ഥിപ്പാൻ അവരോടു പറഞ്ഞു (കൊലൊസ്യർ 4:3). പൗലൊസ് നഷ്ടപ്പെട്ടവർക്കുവേി പ്രാർത്ഥിച്ചു (റോമർ 9; 10). പൗലൊസ് പൊതുവായിട്ടല്ല, പ്രത്യേകമായിട്ടായിരുന്നു പ്രാർത്ഥിച്ചിരുന്നത്. അവൻ സഹോദരന്മാരുടെ പേര് എടുത്തും സഭകളെ അതേ പോലെ സ്ഥലങ്ങൾ തിരിച്ചും പ്രാർത്ഥിച്ചിരുന്നു.

അവൻ സഹോദര വർഗ്ഗത്തിനുവേി പ്രാർത്ഥിച്ചു. ഏതൊരു സഭ വാസ്തവത്തിലുള്ള പ്രാർത്ഥനക്കായി രൂപാന്തരപ്പെടുന്നുവോ ആ സഭ പരിവർത്തനം ചെയ്യും. പൗലൊസ് സഭയെ കരുതി (2 കൊരിന്ത്യർ 11:28). അവൻ പ്രാർത്ഥിച്ചു; അവൻ വിമർശിക്കുകയോ പരദൂഷണം പറയുകയോ ചെയ്തില്ല. നാം ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കും, പ്രാസംഗികർക്കും, ശുശ്രൂഷകന്മാർക്കും വേി പ്രാർത്ഥിക്കണം. അദ്ധ്യാപകരേ, നിങ്ങൾ നിങ്ങളുടെ വിദ്യാർത്ഥികൾക്കുവേി പ്രാർത്ഥിക്കുന്നുോ? യേശുവിന്റെ സഹോദരനായിരുന്ന, യാക്കൊബിനെ, പഴയ ഒട്ടക-മുട്ട് എന്നു വിളിക്കുവാൻ കാരണം അവൻ സഹോദരന്മാർക്കുവേി അധികമായി പ്രാർത്ഥിച്ചിരുന്നതുകൊാണ്.

പൗലൊസ് സർക്കാരിനു വേി പ്രാർത്ഥിച്ചു (1 തിമൊഥെയൊസ് 2:1-3). പൗലൊസ് തന്റെ തല ഛേദിക്കുവാനിരുന്ന കൈസറിനുവേി പ്രാർത്ഥിച്ചിരുന്നു. അവൻ മരിച്ച ദിവസം കൈസറിനുവേി പ്രാർത്ഥിച്ചിരുന്നുവെന്ന് നിങ്ങൾ കരുതുന്നില്ലേ? മറ്റൊരാൾക്കുവേി പ്രാർത്ഥിക്കുന്നതിനേക്കാൾ നല്ല മനോഭാവം വേറൊന്നില്ല. എനിക്കുവേി പ്രാർത്ഥിക്കുക.

ഇന്നുമുതൽ കർത്താവേ, എന്നെ ജീവിക്കുവാൻ സഹായിക്കേണമേ
അത്തരം സ്വയം-മറക്കുന്ന രീതി,
ഞാൻ മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കുമ്പോൾ പോലും,
എന്റെ പ്രാർത്ഥനകൾ മറ്റുള്ളവർക്കുവേി ആയിരിക്കും.

***“കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...
എനിക്ക് നിന്നിൽ വിശ്വാസമു്.
വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ.”***